## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 236

20.06.2012-ൽ മറുപടിയ്ക്ക്

### ജല-പരിസ്ഥിതി സൗഹൃദ കാമ്പസുകൾ

ചോദ്യം : ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. വി. ഡി. സതീശൻ
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. റ്റി. എൻ. പ്രതാപൻ

ഉത്തരം:- ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ സ്കൂൾ, കോളേജ് കാമ്പസുകളെ ജല-പരിസ്ഥിതി സൗഹൃദ കാമ്പസുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയിൽ സമൃദ്ധമായി ശുദ്ധജലം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുമോ ;<br><br>(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (എ) & (ബി) & (സി) ഉദ്ദേശിക്കുന്നുണ്ട്. വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനായി പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ 'ഭൂമിത്രസേന' രൂപീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണം പ്രസ്തുത സേനയുടെ പ്രവർത്തനമേഖലയാണ്. പാരിസ്ഥിതിക പ്രാധാന്യമുള്ള വിഷയങ്ങളിൽ സെമിനാറുകൾ, സിംപോസിയങ്ങൾ, ശില്പ ശാല എന്നിവ സംഘടിപ്പിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരിസ്ഥിതി വകുപ്പ്, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർ ധനസഹായവും അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ